(ബി) ഇത് എല്ലാ സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ ബഹുഭൂരിഭാഗവും റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ചേർത്തുവരുന്നുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് ലഭ്യമാക്കാൻ നടപടി**

213 (1977) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിർമ്മാണ സാമഗ്രികൾ സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ സഹകരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

**ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുപ്പ്**

214 (1978) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ ഉടൻ തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിക്കുമോ;അതോ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം പരമാവധി ഒരു വർഷംവരെയാണ് അഡ്മിനിസ്ട്രേറ്റർക്ക് തുടരാൻ വ്യവസ്ഥയുള്ളത്. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

**ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ചുവിടൽ**

215 (1979) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ച് വിട്ടത് ഏതെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് അറിയിക്കാമോ;

(ബി) അല്ലെങ്കിൽ പിരിച്ച് വിടാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ചുവിട്ടത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി നിലവിലുള്ള കേന്ദ്ര സഹകരണ സംഘമാണ് ജില്ലാ സഹകരണ ബാങ്കുകൾ. ആയതിനാലാണ് 4/17 നമ്പർ ഓർഡിനൻസ് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം PACS-നും അർബൻ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയത്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. PACS, അർബൻ ബാങ്ക് എന്നിവയൊഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളെ നാമമാത്ര അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വോട്ടവകാശത്തിനുള്ള അർഹത നഷ്ടപ്പെട്ടു.